(സി) ഏകീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ നിലവിലുണ്ടായിരുന്ന സെക്രട്ടറി (ഗ്രാമപഞ്ചായത്ത്), സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി എന്നീ രണ്ടു തരം സെക്രട്ടറി തസ്തികകൾ ഏകീകരിക്കണമെന്ന് 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശപ്രകാരം മേൽപ്പറഞ്ഞ 2 തരം സെക്രട്ടറി തസ്തികകൾ ഏകീകരിക്കുകയും 18740-33680 രൂപ ശമ്പള നിരക്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്ന തസ്തിക 978 ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ വരികയും ചെയ്തു.

(ഡി) പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ കമ്പ്യൂട്ടർവത്ക്കരിച്ച് ഉണനിലവാരമുള്ള സേവനങ്ങൾ ഉറപ്പു വരുത്തുന്നതിനും നടപടികൾ സ്വീകരിക്കും. ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ വനിതാ ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കും. കൂടാതെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അഴിമതി രഹിതവും സുതാര്യവുമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വാർഡുകളിലും ഗ്രാമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ ശക്തവും കാര്യക്ഷമവുമായ സോഷ്യൽ ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ പെർഫോമൻസ് ഗ്രാന്റിനുള്ള അർഹത

290 (3577) ശ്രീ. എം. ഹംസ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ എത്ര ഗ്രാമ പഞ്ചായത്തുകൾ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടുകയുണ്ടായി ;

(സി) പാലക്കാട് ജില്ലയിൽ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടിയ ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാം ; ഓരോ പഞ്ചായത്തിന്റെയും സ്കോർ വിവരം ലഭ്യമാക്കാമോ ;

(ഡി) ഓരോ പഞ്ചായത്തിനും പെർഫോമൻസ് ഗ്രാന്റിനായി ലഭിച്ച തുകയുടെ വിശദാംശം നൽകാമോ ;

(ഇ) പാലക്കാട് ജില്ലയിൽ മോശം പ്രകടനം നടത്തിയ ഗ്രാമപഞ്ചായത്തുകളുടെ പേരുവിവരം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എൽ.ജി.എസ്.ഡി.പി.-യുടെ പെർഫാർമൻസ് ഗ്രാന്റ് 2013-14 മുതൽ നൽകുന്നത് വാർഷിക പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത വിലയിരുത്തൽ നടത്തുന്നതിനായി ഒരു ചോദ്യാവലി ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള വിവരശേഖരം പ്രവർത്തനവിലയിരുത്തലിന് വേണ്ടിയുള്ള സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി അർഹരായ ഗ്രാമപഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. വിലയിരുത്തലിൽ പരാതിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് തലത്തിലുള്ള അപ്പീലിനും സൗകര്യമുണ്ട്.

(ബി) 2013-14-ൽ 898 ഗ്രാമപഞ്ചായത്തുകൾ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടുകയുണ്ടായി.

(സി) വിശദവിവരം അനുബന്ധം - 1 ആയി ചേർക്കുന്നു.*

(ഡി) വിശദവിവരം അനുബന്ധം - 2 ആയി ചേർക്കുന്നു.*

(ഇ) വിശദവിവരം അനുബന്ധം - 3 ആയി ചേർക്കുന്നു. * അനുബന്ധം 3 -ൽ നോട്ട് ക്ലിയേർഡ് ആയി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ.

ഗ്രാമപഞ്ചായത്തുകളിൽ മാലിന്യസംസ്കരണം

291 (3578) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ മാലിന്യസംസ്കരണം നടത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; ഇതിനായി സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) ആധുനിക മാലിന്യസംസ്കരണ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എന്തെല്ലാം സാങ്കേതിക സംവിധാനങ്ങളാണ് ഇതിനായി ഉപയോഗിക്കാൻ ആലോചിക്കുന്നതെന്ന് വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.